# കേരള നവോത്ഥാനവും ക്രൈസ്തവസഭയും



ഡോ. പീറ്റർ കണ്ണമ്പുഴ

**2018** ആഗസ്റ്റിലെ കേരളത്തെ പിടിച്ചു കുലുക്കിയ ജലപ്രളയത്തിൽ ഭൂരിഭാഗം മലയാളികളുടെയും ദീർഘനാളത്തെ അദ്ധ്വാനംകൊണ്ട് പടുത്തുയർത്തിയ ജീവിതസ്വപ്നങ്ങൾ നോക്കിനിൽക്കേ കൂലംകുത്തിയൊഴുകിപ്പോയി. ദയയില്ലാതെ ദുരിതങ്ങൾ പെയ്തിറങ്ങി. എല്ലാവരും പകച്ചുനിന്ന സമയത്ത് കാരുണ്യപ്രവാഹത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചുകൊണ്ട് അതിജീവിതത്തിന്റെ മാരിവില്ലുവിരിയിച്ച് മാനവികതയുടെ പുതിയ അദ്ധ്യായം വിരചിക്കുവാൻ മലയാളിക്കു സാധിച്ചു. ജാതിയും മതവും, പാർട്ടിയും വർണവും, സ്ഥാനവും മാനവും, ഉള്ളവനും ഇല്ലാത്തവനും എന്നീ വേർതിരിവുകളെ നിഷ്പ്രഭമാക്കി പരസ്പരം സഹായിക്കുവാനും ഒരുമിച്ചു വസിക്കുവാനും 'പന്തിഭോജനം' നടത്തുവാനും കേരളീയർക്ക് സാധിച്ചത് മഹാവിസ്മയമായി ലോകം നോക്കിക്കാണുന്നു.

ഈ പുത്തൻമാനവികതയുടെ ചാലകശക്തിയായി വർത്തിച്ചതിൽ അതിരുകളില്ലാത്ത സ്നേഹത്തിന്റെ അഗ്നി ജ്വലിപ്പിച്ച ക്രൈസ്തവസമൂഹത്തിന്റെ പങ്ക് നിസ്തുലമാണ്. എന്നാൽ ഈ പ്രളയകാലത്ത് കരുതലിന്റെ കൈത്താങ്ങായ ക്രിസ്തീയസമൂഹത്തിന്റെ ത്യാഗപൂർണമായ സമർപ്പണത്തെ രാഷ്ട്രീയ - സാംസ്കാരിക - മാധ്യമ



കേരളം ബോധപൂർവം തമസ്കരിച്ചു കളഞ്ഞു. ഇതേ മനോഭാവം തന്നെ ആധുനിക കേരളത്തിന്റെ രൂപീകരണത്തിനും സമൂഹത്തിന്റെ നവോത്ഥാനത്തിനും നിർണായക പങ്കുവഹിച്ച ക്രിസ്തീയ സമൂഹത്തെ 'കൊളോണിലിയസ'ത്തിന്റേയും മതപരിവർത്തനത്തിന്റേയും പരിവേഷം നൽകി ക്കൊണ്ട് മുഖ്യധാരയിൽ നിന്നൊഴി വാക്കി പിന്നാമ്പുറങ്ങളിൽ ഒതുക്കി നിറുത്തുവാനുള്ള പണ്ഡിത ശ്രമങ്ങളിൽ തെളിഞ്ഞുകാണുന്നത്. ക്രൈസ്തവസമൂഹം സംഘടിപ്പിക്കുന്ന സമ്മേളനവേദികളിൽ ആതുരശുശ്രൂഷാരംഗത്തും വിദ്യാഭ്യാസരംഗത്തും ക്രൈസ്തവർ നല്കിയിട്ടുള്ള മഹത്തായ സംഭാവനകളെ സാംസ്കാരിക നായകന്മാർ പ്രശംസിച്ചു പറയാറുണ്ട്. എങ്കിലും ഈ മേഖലകളിൽപോലും ക്രൈസ്തവർ നൽകുന്ന സംഭാവനകളെ ആരോപണവിധേയമാക്കി ലാഭേച്ഛയുടെ പിണിയാളുകളായി അവതരിപ്പിക്കാൻ ഏതാനും രാഷ്ട്രീയ, മാധ്യമ ശക്തികൾ സജീവമായി രംഗത്തുണ്ട് എന്നതിന് തർക്കമില്ല. മലയാളി സമൂഹത്തിനായി വിവിധ തലങ്ങളിൽ നാളിതുവരെയും ചെയ്തിട്ടുള്ള, ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുന്നതായ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, മാധ്യമ സംഭാവനകളെക്കുറിച്ച് ക്രൈസ്തവ സഭകൾ ഗൗരവമായ പഠനം നടത്തുകയും പൊതുസമൂഹത്തിന്റെ ചിന്താധാരയിലേക്ക് അവ കൊണ്ടു വരികയും ചെയ്യേണ്ട കാര്യവിചാര ത്തിലേക്കാണ് ഈ ലേഖനം ശ്രദ്ധ ക്ഷണിക്കുക.

**ആധുനികകേരളത്തിന്റെ നവോ ത്ഥാനത്തിനു ക്രൈസ്തവ സഭയുടെ സംഭാവനയെന്താണ് ?**

16ാം നൂറ്റാണ്ടോടെ ഫ്രാൻസിൽ വിത്തുപാകപ്പെട്ട നവോത്ഥാന ത്തിന്റെ അലയടികൾ 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ ഒന്നാംഭാഗം മുതൽക്കാണ് കേരള ത്തിൽ ആഴത്തിൽ വേരോടിയത്.

കേരളത്തിലെ നവോത്ഥാനപ്രവർ ത്തനങ്ങളെല്ലാംതന്നെ ലക്ഷ്യംവച്ചത് മതപരവും സാമൂഹ്യപരവുമായ പരിവർത്തനത്തിലൂടെ ജാതിവ്യ വസ്ഥ അവസാനിപ്പിക്കുക, എല്ലാവർ ക്കും തുല്യനീതിയും അവകാശവും ഉറപ്പാക്കുക എന്നതായിരുന്നു. നിരന്തരമായ പോരാട്ടങ്ങളിലൂടെ ഈ ലക്ഷ്യങ്ങളെല്ലാം നിയമനിർമാ ണത്തിലൂടെ നേടിയെടുത്തു എന്നതാണ് നവോത്ഥാന പ്രവർത്ത നങ്ങളുടെ വിജയം. ഇതിന് നടുനാ യകത്വം വഹിച്ച പ്രമുഖരായ തൈ ക്കാടു അയ്യ, അയ്യ വൈകുണ്ഠൻ, ബ്രഹ്മാനന്ദസ്വാമി ശിവയോഗി, ചട്ടമ്പിസ്വാമികൾ, ശ്രീ നാരായണ ഗുരു സ്വാമി എന്നിവരുടെ കൂട്ടത്തിൽ വി. കുര്യാക്കോസ് ഏലിയാസ് ചാവറച്ചനും, പാമ്പാടി ജോൺ ജോസഫും, അക്കാമ്മ ചെറിയാനും, അന്നാ ചാണ്ടിയും, എം. സി. ജോസ ഫും, പാലക്കുന്നത്ത് എബ്രഹാം മല്പാനും, പൊയ്കയിൽ യോഹ ന്നാനും എന്നിങ്ങനെ ഉന്നതരായ ക്രൈസ്തവനേതാക്കന്മാരെകൂടി പൊതുസമൂഹം അംഗീകരിക്കു ന്നുണ്ട് എന്നുള്ളത് ക്രൈസ്തവ സമൂഹത്തെ അഭിമാനപുള കിതമാക്കുന്നു. നവോത്ഥാന പ്രവർ ത്തനങ്ങൾക്ക് ഊർജ്ജം നല്കിയ മലയാള ഭാഷയുടെ പുത്തനു ണർവിലും പത്രമാസികകളുടെ പ്രസിദ്ധീകരണത്തിലും, സാഹിത്യ രചനകളിലും, ആതുരവിദ്യാഭ്യാസ മേഖലകളിലും ക്രൈസ്തവർ നല്കിയ സംഭാവനകൾ അനന്യവും നിസ്തുലവുമാണ്.

**നവോത്ഥാന മുന്നേറ്റവും മലയാളഭാഷയും**

16-ാം നൂറ്റാണ്ടുമുതൽ യൂറോപ്പിൽ നവീകരണ, നവോ ത്ഥാന പ്രസ്ഥാനങ്ങൾ ശക്തി യാർജിച്ചപ്പോൾ ഗ്രീക്ക്, ലത്തീൻ എന്നീ പുരാതന ഭാഷകളേക്കാൾ തദ്ദേശീയ ഭാഷ ശാസ്ത്രീയമായി പഠിക്കുന്നതിന് വഴി തെളിഞ്ഞു. ബൗദ്ധികതയ്ക്കും യുക്തിക്കും, വ്യക്തി കേന്ദ്രീകരണത്തിനും ലോ കാവബോധത്തിനും മാനവിക തയ്ക്കും പ്രാധാന്യം നൽകാനും നൂതന ആശയങ്ങൾ സാധാരണ

ക്കാരിലേക്കുപോലും എളുപ്പം എത്തിക്കാനും തദ്ദേശീയ ഭാഷയിലൂടെ അതിവേഗം സാധിക്കും എന്നവർ തെളിയിച്ചു. ഈ നവോത്ഥാന പശ്ചാത്തലത്തിലുള്ള യൂറോപ്യരും അവിടെ നിന്നുള്ള മിഷണറിമാരും 16-ാം നൂറ്റാണ്ടോടെ കേരളത്തിലും എത്തിച്ചേർന്നു. ഈ കാലയളവിൽ തന്നെയാണ് കേരളത്തനിമയോടെ തദ്ദേശീയ ഭാഷയായ മലയാളത്തിന് പുത്തനുണർവുണ്ടായത്. 15-ാം നൂറ്റാണ്ടിൽ ചെറുശ്ശേരിയും 16ാം നൂറ്റാണ്ടിൽ തുഞ്ചത്ത് എഴുത്തച്ഛനും, അദ്ദേഹത്തിന്റെ സമകാലികനായ മേല്പത്തൂർ നാരായണഭട്ടതിരിയും അതിനു നേതൃത്വം നല്കി. എങ്കിലും അക്കാലത്തു ഗദ്യം നമ്പ്യാ തമിഴിന്റെ കൃത്രിമ ശൈലിയിൽ നിന്നു മോചനം നേടിയിരുന്നില്ല. അതിനുദാഹരണമാണ് ചെന്തമിഴിലുള്ള 'ദേവമാതാവമ്മാനൈ' എന്ന ക്രിസ്തീയ കാവ്യം. എന്നാൽ വിദേശമിഷണറിമാരും അവരോടു ചേർന്നു നാട്ടുവൈദികരും ഭാഷാഗദ്യ ചരിത്രത്തിൻ ഒരു പുതിയ സരണി വെട്ടിത്തുറന്നതായി കാണാം. അവർ രൂപപ്പെടുത്തിയ പ്രയോഗഭാഷയുടെ ജൈവിക സാന്നിദ്ധ്യമാണ് മലയാളത്തിൽ ലഭ്യമായ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ കാണുന്നത്. ജീവനുള്ള ഭാഷാരൂപമായ വ്യവഹാരഭാഷയുടെ വടിവിലേക്ക് പദങ്ങൾ കൊണ്ടുവന്ന രീതി പ്രശംസനീയമാണ്. സംഭാഷണഗദ്യത്തിനു സാഹിത്യപദവിയും പഠനയോഗ്യതയും നേടി, ജീവത്ഭാഷയിലൂന്നിയ ഗദ്യ ശൈലിയുടെ തുടക്കം കുറിക്കാനും ക്രിസ്ത്യൻ മിഷണറിമാർ നേതൃത്വം നല്കി.

മലയാളഭാഷയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള മിഷണറിമാരുടെ കഠിനാധ്വാനം കേരളീയർക്ക് വിസ്മരിക്കുവാൻ സാധിക്കുകയില്ല. ക്രിസ്ത്യൻ മിഷണറിമാരുടെ വരവോടെയാണ് കേരളത്തിൽ പ്രിന്റിംഗ് പ്രസ്സുകൾ സ്ഥാപിക്കുവാൻ തുടങ്ങിയത്. 16-ാം നൂറ്റാണ്ടു മുതൽ കൊച്ചി, കൊല്ലം, അമ്പഴക്കാട്, വൈപ്പിക്കോട്ട എന്നിവിടങ്ങളിൽ അച്ചടിശാലകൾ തുടങ്ങി. കേരളത്തിൽ അമ്പഴക്കാട്ടുള്ള പ്രസ്സിലാണ് ആദ്യമായി തമിഴിലുള്ള പുസ്തകം 1578ൽ അച്ചടിച്ചത്. മത്തേവൂസിന്റെ 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥത്തിന്റെ ആദ്യമലയാള സ്ക്രിപ്റ്റ് പ്രിന്റ് ചെയ്തത് നെതർലണ്ടിലെ ആംസ്റ്റർ ഡാമിൽ നിന്നുമാണ്. മലയാളത്തിൽ പൂർണമായും അച്ചടിച്ച 'സംക്ഷേപവേദാർത്ഥം' 1772ലാണ് പ്രസിദ്ധീകരിച്ചത്. റവ. ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തിലാണ് മലയാള അക്ഷര

ത്തിന്റെ 'ചതുരവടിവി'ൽ നിന്നു 'വട്ട വടിവിലേക്കു' ഭാഷ പുരോഗതി പ്രാപിച്ചത്. ഡോ. ഹെർമൻ ഗുണ്ടർട്ടിന്റേതാണ് ആദ്യത്തെ മലയാളം - ഇംഗ്ലീഷ് നിഘണ്ടു. ആദ്യത്തെ മലയാളം നിഘണ്ടു അർണോസ് പാതിരിയും, ആദ്യത്തെ മലയാളവ്യാകരണം ഡോ. ആഞ്ചലോസ് ഫ്രാൻസീസും ആണ് തയ്യാറാക്കിയത്.

ഇന്നു മലയാളികൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രശസ്തമാം വണ്ണം അഭിമാനത്തോടെ ജീവിക്കുമ്പോൾ കേരളത്തെ പുറംലോകവുമായി ബന്ധിപ്പിച്ച ക്രൈസ്തവരുടെ സംഭാവനകൾ മറക്കാനാകില്ല. പുരാതനസംസ്കാരങ്ങളുടെ ഉറവിടങ്ങളായ അലക്സാണ്ട്രിയ, റോം, പേർഷ്യ, മെസപ്പൊട്ടോമിയ, അന്ത്യോക്ക്യാ എന്നീ വിദേശരാജ്യങ്ങളുമായി കേരളക്രൈസ്തവർക്ക് കച്ചവടം, സാമ്പത്തികം, സാംസ്കാരികം, ആത്മീയം എന്നീ തലങ്ങളിൽ ഉറച്ചബന്ധങ്ങൾ ഉണ്ടായിരുന്നു. ഹീബ്രൂ, ഗ്രീക്ക്, അറമായ സുറിയാനി പദങ്ങൾകൊണ്ട് മലയാളഭാഷയും സമ്പന്നമായി. പുരാതനരാജ്യങ്ങളിലെ നവീനാശയങ്ങളും തത്വചിന്തകളും കേരളത്തിന്റെ ചിന്താമണ്ഡലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു. തെക്കേ അമേരിക്കയിലെ സ്വാതന്ത്ര്യസമരത്തിന്റെ വിപ്ലവാശയ

***"ഇന്നു മലയാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രശസ്തമാം വണ്ണം അഭിമാനത്തോടെ ജീവിക്കു മ്പോൾ കേരളത്തെ പുറംലോകവു മായി ബന്ധിപ്പിച്ച ക്രൈസ്തവരുടെ സംഭാവനകൾ മറക്കാനാകില്ല. പുരാതനസംസ്കാരങ്ങളുടെ ഉറവിടങ്ങളായ അലക്സാണ്ട്രിയ, റോം, പേർഷ്യ, മെസപ്പൊട്ടോമിയ, അന്ത്യോക്ക്യാ എന്നീ വിദേശരാജ്യങ്ങളുമായി കേരളക്രൈസ്തവർക്ക് കച്ചവടം, സാമ്പത്തികം, സാംസ്കാരികം, ആത്മീയം എന്നീ തലങ്ങളിൽ ഉറച്ചബന്ധങ്ങൾ ഉണ്ടായിരുന്നു."***

ങ്ങളും ആഫ്രിക്കയിലെ വർണവിവേചനത്തിന്റെ കഷ്ടപ്പാടുകളും യൂറോപ്പിൽ ആകമാനം വ്യാപിച്ച നവോത്ഥാനത്തിന്റെ പുത്തനാശയങ്ങളും പാറേമ്മാക്കൽ തോമാക്കത്തനാർ 1785ൽ രചിച്ച ഇന്ത്യൻ ഭാഷകളിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാനപുസ്തക'ത്തിലൂടെ മലയാളിക്ക് സുപരിചിതമായി. ഈ അമൂല്യഗ്രന്ഥം ഇന്ത്യാചരിത്രത്തിൽ ദേശീയബോധവും പൂർവ മലയാളത്തിന്റെ കരുത്തും സ്വത്വവും വെളിപ്പെടുത്തുന്നു.

## ക്രിസ്ത്യൻ പത്രമാസികകളുടെ പ്രസിദ്ധീകരണം

1847ൽ തലശ്ശേരിയിൽ ലിത്തോഗ്രാഫിക് പ്രസ്സിലാണ് 'രാജ്യസാമാജചാരം' എന്ന ആദ്യത്തെ മലയാളം ന്യൂസ്പേപ്പർ പ്രസിദ്ധീകരിച്ചത്. അതേവർഷം തന്നെ 'പശ്ചിമോദയം' എന്ന ന്യൂസ് മാഗസിനും പ്രസിദ്ധീകരിച്ചു. ഇവ രണ്ടിന്റേയും പ്രസാധകനും എഡിറ്ററും ഡോ. ഹെർമൻ ഗുണ്ടർട്ടായിരുന്നു. സീറോ - മലബാർ സഭയുടെ നേതൃത്വത്തിൽ നിധീരിക്കൽ മാണിക്കത്തനാർ 1887ൽ പ്രസദ്ധീകരണം തുടങ്ങിയ ദീപികദിനപത്രം 'മലയാളി മെമ്മോറിയൽ', പൗരസമത്വവാദ പ്രക്ഷോഭണം എന്നിവയുടെ കാവലാളായി നിലകൊണ്ടു. കണ്ടത്തിൽ വർഗീസ് മാപ്പിള 1888ൽ മലയാളമനോരമ പത്രം പ്രസിദ്ധീകരിച്ചുകൊണ്ട് തിരുവിതാംകൂറിലെ ഉത്തരവാദ ഭരണപ്രക്ഷോഭണത്തിനു നടുനായകത്വം വഹിച്ചു. ഈ പ്രക്ഷോഭണത്തിനു സർവ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് ശക്തമായി തൂലിക ചലിപ്പിച്ചത് എറണാകുളം രൂപത തുടങ്ങിയ മലബാർ മെയിൽ പത്രവുമാണ്. ഈ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ എല്ലാംതന്നെ സാമൂഹ്യപരിവർത്തനങ്ങൾക്കുവേണ്ടി ധീരതയോടെ മുൻനിരയിൽ തന്നെയുണ്ടായിരുന്നു. ഇവയെല്ലാം സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരുടെ സമുദ്ധാരണമാണ് മുന്നിൽക്കണ്ടത്.

## നവോത്ഥാന ശില്പികളായ ക്രിസ്ത്യൻ സാഹിത്യകാരന്മാർ

നവോത്ഥാനപ്രസ്ഥാനത്തിനു വിളക്കാണ് സാഹിത്യരചനകൾ. കവിതകൾ, നാടകങ്ങൾ, നോവലുകൾ എന്നീ സാഹിത്യരചനകളിലൂടെയാണ് കുമാരനാശാൻ, ഉള്ളൂർ, ജി.ശങ്കരക്കുറുപ്പ് എന്നീ സാഹിത്യമഹാരഥൻമാർ സാമൂഹ്യപരിവർത്തനത്തിനുവേണ്ടി വാദിച്ചത്. ഈ മേഖലയിൽ ക്രിസ്ത്യൻ സാഹിത്യകാരന്മാരും ഒട്ടും പുറകിലായിരുന്നില്ല. ബൈബിൾ ഇതിവൃത്തമായി സ്വീകരിച്ചുകൊണ്ട് മലയാള

***“ക്രൈസ്തവരുടെയിടയിലും പൊതുസമൂഹ ത്തിലും മലയാള ഭാഷയ്ക്ക് പുത്തനുണർവും നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കുന്നതിലും അർണോസു പാതിരിത രംഗവും ഇടയാക്കി. അർണോസ് പാതിരിയുടെ കൃതികളിൽ തുളുമ്പി നിൽക്കുന്ന പുത്തനാ ദർശനങ്ങളാണ് കേരളത്തിന്റെ സാംസ്കാരിക പുനരുത്ഥാനത്തിന് വഴി തെളിച്ചത്.”***

സാഹിത്യചരിത്രത്തിൽ ആദ്യമായി നാടകങ്ങൾ രചിച്ചത് കട്ടക്കയം ചെറിയാൻ മാപ്പിളയാണ്. ലോക മേയാത്ര, ഗാന്ധിജയന്തി, മാർത്തോ മ്മാ വിജയം എന്നീ കാവ്യങ്ങളിലൂടെ ശ്രദ്ധ നേടിയ കവയിത്രി സി. മേരി ബനീഞ്ഞാ, സംസ്കൃത പണ്ഡിത നും ഭാഷാഗവേഷകനുമായ പ്രൊഫ. പി. സി. ദേവസ്യ, ശ്രീ. കണ്ടത്തിൽ വർഗീസ്, ശ്രീ. പൊൻകുന്നം വർക്കി എന്നീ ക്രൈസ്തവ സാഹിത്യകാരൻ മാരും കേരളത്തിന്റെ നവോത്ഥാന ത്തിനു ആവേശം പകരുവാൻ മുൻപന്തിയിൽ തന്നെയുണ്ടാ യിരുന്നു. എല്ലാറ്റിലും ഉപരിയായി ബൈബിൾ പ്രമേയങ്ങൾ വരച്ച വാങ്മയചിത്രങ്ങൾ നവോത്ഥാന സാഹിത്യ രചനകളിലെ വിപ്ലവ ആശയങ്ങൾക്ക് ജീവത്തായ ചൈത ന്യമേകി.

ക്രൈസ്തവരുടെയിടയിലും പൊതുസമൂഹത്തിലും മലയാള ഭാഷയ്ക്ക് പുത്തനുണർവും നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് തുട ക്കം കുറിക്കുന്നതിലും അർണോസു പാതിരി തരംഗവും ഇടയാക്കി. അർണോസ് പാതിരിയുടെ കൃതി കളിൽ തുളുമ്പി നിൽക്കുന്ന പുത്തനാദർശങ്ങളാണ് കേരളത്തി ന്റെ സാംസ്കാരിക പുനരുത്ഥാന ത്തിന് വഴിതെളിച്ചത്. അദ്ദേഹം

സാഹിത്യ പ്രേഷിതത്വത്തിലൂടെയും ലളിതവും ചിന്തോദ്ദീപകവുമായ കാവ്യഗ്രന്ഥങ്ങളിലൂടെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും മാനവികതയുടെയും പുതിയതലങ്ങൾ പകർന്നു നല്കി. പുത്തൻപാന മലയാളി മനസ്സിൽ ആഴത്തിൽ പതിഞ്ഞ കാവ്യശില്പമാണ്.

കേരളചരിത്രത്തിൽ സംഘകാലത്ത് സ്ത്രീകൾ അനുഭവിച്ചുപോന്ന സ്വാതന്ത്ര്യവും സമത്വവും ആര്യവൽക്കരണത്തോടെ അന്യമായി. മണിപ്രവാളകാലഘട്ടത്തിൽ സ്ത്രീ, സ്ഥാപനവൽക്കരിക്കപ്പെടുകയും വസ്തുവത്കരിക്കപ്പെടുകയും ഉപഭോഗവസ്തുവായി തരംതാഴ്ത്തപ്പെടുകയും ചെയ്തു. ഇപ്രകാരമുള്ള യാഥാസ്ഥിതികമായ രചനാസങ്കല്പങ്ങളിൽ നിന്നു വ്യത്യചലിച്ച് 'ഉമ്മായുടെ ദു:ഖ'ത്തിലൂടെയും 'ജനോവ പർവ്വ'ത്തിലൂടെയും അധർമത്തിനും അനീതിക്കുമെതിരെ സാധാരണ സ്ത്രീക്കുപോലും പ്രതികരിക്കാൻ കഴിയും എന്ന് അർണോസ് കവിതകൾ വിളിച്ചോതുന്നു. നവോത്ഥാന മൂല്യങ്ങളായ സാംസ്കാരിക സമന്വയം, സ്ത്രീപുരുഷ സമത്വം, മാനവികത, സാഹോദര്യം, സഹവർത്തിത്വം എന്നിവ പൊതുസമൂഹത്തിന്റെ ചിന്താപദ്ധതികളിൽ പുതിയ മാർഗങ്ങൾ തീർക്കാൻ അർണോസ് പാതിരിക്ക് സാധിച്ചു.

### ക്രൈസ്തവരും വിദ്യാഭ്യാസ പുരോഗതിയും

പത്രമാസികകളുടെ പ്രസിദ്ധീകരണത്തിനും സാഹിത്യരചനകൾക്കും ആവേശം പകർന്നത് ക്രൈസ്തവ സമൂഹം തുടങ്ങിവെച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ജാതിയും മതവും നോക്കാതെ അക്ഷരജ്ഞാനം പകർന്നു നൽകാൻ തലശ്ശേരിയിൽ എഡ്വേർഡ് ബ്രണ്ണൻ ആരംഭിച്ച എഡ്യൂക്കേഷൻ സെന്ററും, ലണ്ടൻ മിഷണറി സൊസൈറ്റി, ചർച്ച് മിഷണറി സൊസൈറ്റി, ബാസൽ എവാഞ്ചലിക്കൽ സൊസൈറ്റി എന്നിവർ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും നവോത്ഥാന പ്രവർത്തനങ്ങൾക്കുള്ള ജ്ഞാനോദയമായി നിലകൊണ്ടു. അവരുടെ പ്രവർത്തനഫലമായി പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസവും ഇംഗ്ലീഷ് പഠനത്തിന്റെ ആനുകൂല്യങ്ങളും മലയാളിക്കു ലഭിച്ചു. വി. കുര്യാക്കോസ് ഏലിയാസച്ചൻ 1846ൽ ആദ്യത്തെ കത്തോലിക്കാ സംസ്കൃത വിദ്യാലയത്തിനു തുടക്കം കുറിച്ചു. അന്ന് നിലവിലുണ്ടായിരുന്ന ലത്തീൻ ഹയരാർക്കിയുടെ ഭാഗമായി കുര്യാക്കോസ്




ഏലിയാസച്ചൻ നേതൃത്വം കൊടുത്ത് പള്ളികളോടു ചേർന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. പള്ളിയിൽ നിന്നുള്ള വരുമാനം എടുത്തും 'കെട്ടുതെങ്ങും', 'പിടിയരി' പിരിച്ചുമാണ് സ്കൂൾ വിദ്യാഭ്യാസം സമൂഹത്തിലെ എല്ലാവർക്കും സംലഭ്യമാക്കാനും, സൗജന്യപഠനം സാധ്യമാക്കാനും ക്രൈസ്തവസമൂഹം മുന്നിട്ടിറങ്ങിയത്. ക്രിസ്ത്യൻ വിദ്യാലയങ്ങളെല്ലാംതന്നെ ജാതിവ്യവസ്ഥയ്ക്ക് എതിരായി നിന്നുകൊണ്ട് സമൂഹത്തിലെ ഉയർന്നതട്ടിലും താഴേതട്ടിലുള്ളവർക്കും ഒരേ ക്ലാസ്മുറിയിൽ അക്ഷരജ്ഞാനം നൽകി. പാഠ്യശാലയിലെ ബഞ്ചുകളിൽ സമൂഹത്തിന്റെ താഴേത്തട്ടിലുള്ള കുട്ടികളെ ക്രിസ്ത്യൻ കുട്ടികളുടെ ഇടയിലിരുത്തിക്കൊണ്ടുമാണ് അവർ വിപ്ലവാത്മകമായ സാമൂഹ്യപരിവർത്തനത്തിന് കരുത്തേകിയത്. അവർ നേതൃത്വം കൊടുത്ത വൈവിധ്യമാർന്ന പാഠ്യവിഷയങ്ങൾ പഠിപ്പിക്കുന്ന സ്കൂളുകൾ, ഇംഗ്ലീഷ് വിദ്യാലയങ്ങൾ, പെൺകുട്ടികൾക്കു മാത്രമുള്ള സ്കൂളുകൾ, താമസിച്ചു പഠിക്കുന്നതിനുള്ള സ്കൂളുകളും ഹോസ്റ്റലുകളും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വളർച്ച കേരള ജനതയുടെ ചിന്താധാരയിലും സാംസ്കാരിക സാമൂഹ്യ മണ്ഡലങ്ങളിലും വമ്പിച്ച വ്യതിയാനങ്ങൾ വരുത്താൻ സഹായിച്ചു. എന്തുകൊണ്ടാണ് കേരളത്തിലെ സ്ത്രീകൾ ഉയർന്ന സാക്ഷരതാ നിലവാരം പുലർത്തുന്നുവെന്ന് അന്താരാഷ്ട്ര

തലത്തിൽപോലും ഗവേഷണങ്ങളും ചർച്ചകളും നടത്തപ്പെട്ടിട്ടുണ്ട്.

കാരണം ഉദയംപേരൂർ സൂനഹദോസു മുതൽ ക്രൈസ്തവ സമൂഹം സ്ത്രീശാക്തീകരണത്തിന്റെയും സ്ത്രീ പുരുഷ സമത്വത്തിന്റേയും പ്രയോക്താക്കളായി നിലകൊണ്ടുവെന്നു ള്ളതാണ്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യം അവർ മനസ്സിലാക്കി. മദർ ഏലീശ്വായും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുമൊക്കെ സ്ത്രീ സമുദ്ധാരണത്തിനുവേണ്ടി മുന്നിട്ടിറങ്ങി. ഈ രീതിയിലുള്ള പ്രവർത്തനഫലമായിട്ടാണ് കേരളത്തിൽ സ്ത്രീസാക്ഷരതയ്ക്ക് ലോകപ്രശംസ പിടിച്ചുപറ്റുവാൻ കഴിഞ്ഞിട്ടുള്ളത്.

നവോത്ഥാന വിപ്ലവത്തിനു തുടക്കം കുറിച്ച 'ചാന്നാർ ലഹള' ('മേൽ മുണ്ടു സമരം') നയിച്ചത് ക്രിസ്ത്യൻ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസം ലഭിച്ച ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകളായിരുന്നു. താഴ്ന്നജാതികളിലെ സ്ത്രീകൾ മാറുമറയ്ക്കരുതെന്നും സവർണരെ കാണുമ്പോൾ മേൽമുണ്ടു എടുത്തുമാറ്റി ആചാരം ചെയ്യണമെന്നുമുള്ള നിയമത്തിനെതിരായും, മാന്യമായി വസ്ത്രധാരണം ചെയ്യാനുള്ള അവകാശത്തിനുവേണ്ടി കൂടിയുമാണ് ചാന്നാർ സ്ത്രീകൾ മേൽമുണ്ടു സമരം ചെയ്തു വിജയത്തിലെത്തിച്ചത്.

നവോത്ഥാന കാലത്തുതന്നെ പടർന്നു പന്തലിച്ച ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവകേരള നിർമിതിക്കുവേണ്ടി വഹിച്ച പങ്ക് ദൈവം ഭരമേൽപ്പിച്ച ശുശ്രൂഷയുടെ പ്രശംസാർഹമായ വിജയമാണ്.

**സാമ്പത്തികവളർച്ചയും ക്രൈസ്തവരുടെ പങ്കും**

ജാതീയമായ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായും സമത്വത്തിനു വേണ്ടിയും വാദിച്ചുകൊണ്ട് നവീനകേരളം പടുത്തുയർത്തുവാനാണ് നവോത്ഥാനപ്രസ്ഥാനങ്ങൾ മുന്നോട്ടു വന്നത്. ഈ പ്രസ്ഥാനങ്ങളെ സർവ്വാത്മനാ പ്രോത്സാഹിപ്പിച്ചും പോഷിപ്പിച്ചും നേതൃത്വം നല്കിയും ക്രൈസ്തവർ അവയോടൊപ്പം കൂടെയുണ്ടായിരുന്നു. നവോത്ഥാന പ്രവർത്തനങ്ങളുടെ വിജയത്തിനു പിൻബലമേകിയ സാമ്പത്തിക അടിത്തറയുടെ ഉപജ്ഞാതാക്കളാണ് ക്രൈസ്തവർ.

പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പുതന്നെ കേരളക്രൈസ്തവർ സുഗന്ധവ്യഞ്ജനങ്ങളു

ടെയും നാണ്യവിളകളുടെയും ഉൽപാദകരും വ്യാപാരികളു മായിരുന്നു. 17ാം നൂറ്റാണ്ടിൽ കേരളകാർഷികരംഗത്തുണ്ടായ കുതിപ്പിന് ഈടുറ്റ സംഭാവന നല്കിയത് ക്രൈസ്തവരാണ്. 1850കളിൽ കിഴക്കൻ മലയോരങ്ങ ളിൽ കുടിയേറി പുതിയ കൃഷിയിട ങ്ങൾ സൃഷ്ടിച്ചതിനും അവർ മുൻപന്തിയിൽ നിന്നു. തിരുവിതാം കൂർ 1855ൽ അടിമകളെ മോചിപ്പിച്ച പ്പോൾ ഉണ്ടായ തൊഴിലില്ലായ്മയും ദാരിദ്ര്യവും അകറ്റിയത് ക്രൈസ്ത വരുടെ നേതൃത്വത്തിൽ കായൽ ഭൂമികളെ നെൽപ്പാടങ്ങളാക്കി കൊണ്ടായിരുന്നു. പല ക്രിസ്ത്യൻ പള്ളികളോടും ചേർന്നുള്ള പ്രദേശങ്ങൾ വലിയ കൃഷിയിട ങ്ങളായി മാറി. ഇതിനോടനു ബന്ധിച്ചാണ് ക്രൈസ്തവർ ബാങ്കിംഗ് സമ്പ്രദായം വ്യാപകമാ ക്കിയത്. പുത്തൻ നിക്ഷേപങ്ങളി ലേയ്ക്കും സാമ്പത്തികവളർച്ചയി ലേക്കും കേരളത്തെ നയിക്കുവാൻ ഇത് കാരണമായി.

വിദേശക്രിസ്ത്യൻ മിഷണറിമാ രുടെ സ്വാധീനത്തിലും നേതൃത്വ ത്തിലും കേരളക്രൈസ്തവ സമൂഹ ത്തിന് നവീനമായ രൂപവും ഭാവവും കെട്ടുറുപ്പും സംലഭ്യമായി. അതിനു സഹായകമായത് ഉദയംപേരൂർ സൂനഹദോസാണ്. മാത്രമല്ല ഈ സൂനഹദോസാണ് കേരളത്തിൽ നവോത്ഥാനത്തിന് സമാരംഭം കുറിച്ചത്.

### നവോത്ഥാനസമാരംഭവും ഉദയംപേരൂർ സൂനഹദോസും

19 - 20 നൂറ്റാണ്ടുകളിൽ കേരള ജനത തദ്ദേശീയമായി ആർജിച്ച സം സ്കാരത്തിന്റെ ബഹുസ്വരതയും നവോത്ഥാനവും സമാരംഭിച്ചതു ക്രൈ സ്തവസമൂഹത്തിന്റെ നേതൃത്വ ത്തിൽ 16- ാം നൂറ്റാണ്ടിലാണെന്ന് കാണാൻ കഴിയും. കേരളനവോ ത്ഥാന പ്രസ്ഥാനം മുന്നോട്ടുവച്ച മുഖ്യവിപ്ലവാശയങ്ങൾ നാലു നൂറ്റാണ്ടുകൾക്കു മുമ്പ്, 1599 (ജൂൺ 20 - 26) ൽ കൂടിയ ഉദയംപേരൂർ സൂനഹദോസിൽ ചർച്ചചെയ്യപ്പെ ടുകയും തീരുമാനങ്ങൾ എടുത്ത് സഭാനിയമങ്ങളിലൂടെ നടപ്പിലാക്കി യിട്ടുള്ളതുമാണ്. സൂനഹദോസിൽ എടുത്ത തീരുമാനങ്ങൾ നേരിട്ടു മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിക്കുന്നതാണെങ്കിൽപോലും പൊതുസമൂഹത്തിന്റെ ചിന്തയിലും ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ച്ച പ്പാടിലും മാറ്റത്തിന്റെ ശക്തമായ അടയാളങ്ങൾ രേഖപ്പെടുത്താൻ സാധിച്ചു. ആയോധനപരിശീലന കളരികളും, ഗുരുകുല വിദ്യാഭ്യാസ

മാതൃകയിൽ ആശാൻ കളരികളും നടത്തുന്നവരും, ആയുർവേദ ചികിത്സാരംഗത്തെ പ്രഗല്ഭരും, വർത്തകപ്രമാണികളും, കാർഷിക രംഗത്തും, സുഗന്ധവ്യഞ്ജന നാണ്യവിളകളുടെ വ്യാപാരത്തിൽ മുൻപന്തിയിൽ നിന്നവരുമായ ക്രൈസ്തവസമൂഹത്തിൽ ഉദയം പേരൂർ സൂനഹദോസിനുശേഷം കൈവന്ന നവീനജീവിതരീതികൾ കേരള സമൂഹത്തിന്റെ കർമ്മമണ്ഡലത്തിലും ബോധതലത്തിലും പ്രതികരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാകും.

മാർത്തോമ്മാക്രിസ്ത്യാനികളുടെ തിരഞ്ഞെടുക്കപ്പെട്ട വൈദികരും, അൽമായ നേതാക്കളും പോർച്ചുഗീസുകാരനായ ലത്തീൻ മെത്രാപ്പോലീത്ത അലക്സിസ് ദി മെനേസിസിന്റെ നേതൃത്വത്തിൽ കൂടിയ സൂനഹദോസ് എടുത്ത സഭാനിയമങ്ങളിൽ സാമൂഹ്യപരിവർത്തനത്തിനു ഊന്നൽ നൽകുന്ന പല നിയമങ്ങളും ദൂരവ്യാപകമായ ഫലങ്ങൾ സംജാതമാക്കി. അതിൽ പ്രധാനമാണ് സാമൂഹികസമത്വം.

## ഉദയംപേരൂർ സൂനഹദോസും സാമൂഹികസമത്വവും

കാർഷിക പ്രധാനമായ ഒരു സാമൂഹിക വ്യവസ്ഥിതി നിലനിന്നിരുന്ന കേരളത്തിൽ 20-ാം നൂറ്റാണ്ടിന്റെ പകുതിവരെ സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരുന്ന അർബുദമായിരുന്നു ജാതിവ്യവസ്ഥ. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും അവർണ്ണരും സവർണരും ഒക്കെയായി സമൂഹം പല തട്ടുകളിൽ കഴിഞ്ഞിരുന്ന ശോചനീയമായ അവസ്ഥാവിശേഷം നിലനിന്നിരുന്നു. താഴ്ന്ന ജാതിയിലുള്ളവർക്ക് പൊതുവീഥിയോ, കുളമൊ, കിണറൊ, ആരാധനാലയമൊ ഉപയോഗിക്കാൻ പാടില്ല. മേൽജാതിക്കാരുടെ കൺവെട്ടത്തു താഴ്ന്ന ജാതിക്കാരുടെ നിഴൽപോലും പതിക്കാൻ പാടില്ല. കീഴാള ജനത കേവലം അടിമകളും നാവടക്കപ്പെട്ടവരും പണിയെടുക്കുന്ന ഉപകരണങ്ങളുമായിരുന്നു. കുറഞ്ഞവേതനംകൊണ്ട് തൃപ്തിപ്പെടുക. ചോദ്യങ്ങളും ആവശ്യങ്ങളും ഉന്നയിക്കാൻ വിലക്കു കല്പിച്ച ഫ്യൂഡൽ സമ്പ്രദായത്തിൽ സംഗീതവും കലയും ആഘോഷവും അവർക്ക് നിഷിദ്ധമായിരുന്നു. ജീവൻ നിലനിർത്താനാവശ്യമായ ആഹാരം പോലും നൽകാത്ത അവസ്ഥയും നിലനിന്നിരുന്നു. മണ്ണിൽ കുഴിച്ച കുഴിയിൽ വിളമ്പിയ ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യമാണ് അവർക്ക് നല്കപ്പെട്ടത്. സാമൂഹിക വ്യവസ്ഥിതികളിൽ അടിമകളുടെ

വ്യക്തിജീവിതത്തിനും പ്രാധാന്യമുണ്ടായിരുന്നില്ല.

കേരളത്തിൽ നിലനിന്നിരുന്ന ഇത്തരത്തിലുള്ള സാമൂഹിക ചുറ്റുപാടിലേക്കാണ് 16 -ാം നൂറ്റാണ്ടിൽ യൂറോപ്യൻ മിഷണറിമാർ എത്തിച്ചേരുന്നത്. ജാതിവ്യവസ്ഥയുടെ ആനുകൂല്യം പറ്റിയ ക്രൈസ്തവരും സമൂഹത്തിൽ മേൽക്കോയ്മാഭാവത്തിൽ രമിച്ചിരുന്നുവെന്നുവേണം കരുതാൻ. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിച്ച ക്രൈസ്തവരിൽ മഹാഭൂരിപക്ഷത്തിനും ഇതുൾക്കൊള്ളുവാൻ പ്രയാസമുണ്ടായിരുന്നുവെങ്കിലും പ്രതികരിക്കാനുള്ള കരുത്തുണ്ടായിരിക്കണമെന്നില്ല. എന്നാൽ അനുകൂലമായ സാഹചര്യത്തിൽ കേരളക്രൈസ്തവ സമൂഹത്തിന്റെ വൈദിക, അല്മായ നേതാക്കൾ സമ്മേളിച്ച ഉദയംപേരൂർ സൂനഹദോസിൽവെച്ച് സഭാസമൂഹത്തിലെങ്കിലും ജാതിവ്യവസ്ഥയും അയിത്തവും അടിമസമ്പ്രദായവും

***"കേരളത്തിൽ നിലനിന്നിരുന്ന ഇത്തരത്തിലുള്ള സാമൂഹിക ചുറ്റുപാടിലേക്കാണ് 16 - ാം നൂറ്റാണ്ടിൽ യൂറോപ്യൻ മിഷണറിമാർ എത്തിച്ചേരുന്നത്. ജാതിവ്യവസ്ഥയുടെ ആനുകൂല്യം പറ്റിയ ക്രൈസ്തവരും സമൂഹത്തിൽമേൽ ക്കോയ്മാഭാവത്തിൽ രമിച്ചിരുന്നു വെന്നുവേണം കരുതാൻ. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിച്ച ക്രൈസ്തവരിൽ മഹാഭൂരി പക്ഷത്തിനും ഇതുൾക്കൊള്ളുവാൻ പ്രയാസമുണ്ടായിരുന്നുവെങ്കിലും പ്രതികരിക്കാനുള്ള കരുത്തുണ്ടായിരിക്കണമെന്നില്ല."***

സാമൂഹ്യ തിന്മയാണെന്ന് അംഗീകരിക്കുകയും നിയമംമൂലം നിരോധിക്കുകയും ചെയ്തു. കേരളചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് മാനവികതയുടെ കാഹളം മുഴക്കുവാൻ ക്രൈസ്തവസഭ ധീരതയോടെ സംഘാതമായി മുന്നിട്ടിറങ്ങിയത്. സാമൂഹികമായി അസമത്വം അനുഭവിക്കുന്ന അവർണജനതയും മനുഷ്യരാണെന്നും സകലമനുഷ്യരും ദൈവമക്കളും ദൈവതിരുമുമ്പിൽ തുല്യരാണെന്നും സൂനഹദോസ് പഠിപ്പിച്ചു. പ്രസ്തുത സിനഡ് ആദ്യം സഭാമക്കളിലാണ് ശുദ്ധികലശം നടത്തിയത്. സമത്വാധിഷ്ഠിതമായ സാമൂഹികസാഹചര്യം നിലനിർത്തുവാൻ ക്രൈസ്തവർ തയ്യാറാകണമെന്നും ആരാധനയ്ക്കായി ഒത്തുകൂടുന്നവർ തമ്മിൽ വേർതിരിവിനും വിഭാഗീയതയ്ക്കും സ്ഥാനമില്ലായെന്നും സൂനഹദോസ് ഉദ്ബോധിപ്പിച്ചു. ഇതിന്റെ വെളിച്ചത്തിൽ വെള്ളാട്ടികളെയും കിടാങ്ങളെയും മാമ്മോദീസാ മുക്കണമെന്നും കുമ്പസാരിപ്പിക്കണമെന്നും കല്പിച്ചു. ഈ വിപ്ലവാത്കമായ പ്രഖ്യാപനങ്ങളും കല്പനകളും സമൂഹമന: സാക്ഷിയിൽ ഏല്പിച്ച ആഘാതത്തിന്റെ അനുരണനങ്ങളാണ് പിൽക്കാലത്തെ നവോത്ഥാന ആശയങ്ങളിലും പ്രവർത്തനങ്ങളിലും ദർശിക്കാൻ കഴിയുന്നത്.

**കുടുംബഭദ്രതയും സ്ത്രീശാക്തീകരണവും**

സമൂഹത്തിന്റെ പുരോഗതിക്കു കുടുംബത്തിന്റെ സുസ്ഥിതി അനിവാര്യമാണ്. വിവാഹം, ഗർഭം, പ്രസവം, സ്ത്രൈണാത്മീയത, ജീവൻ സംരക്ഷണം എന്നീ വിഷയങ്ങളെ അവധാനപൂർവം അവലോകനം ചെയ്തു തെളിമയാർന്ന തീരുമാനങ്ങൾ എടുത്ത സൂനഹദോസ് നവോത്ഥാനത്തിന്റെ 'മുൻപേ പറന്ന പക്ഷി'യെന്നുവേണം വിശേഷിപ്പിക്കുവാൻ. സ്ത്രീശാക്തീകരണത്തിന്റേയും സ്ത്രീ പുരുക്ഷ സമത്വത്തിന്റേയും മുന്നണിപ്പോരാളികളെ വാർത്തെടുക്കുന്നതിൽ ക്രൈസ്തവ സമൂഹത്തെ എക്കാലവും സ്വാധീനിക്കുന്ന സഭാനിയമങ്ങളെയാണ് സൂനഹദോസു ലഭ്യമാക്കിയത്. സതി ആചാരത്തിൽ ഭർത്താവു മരിച്ചാൽ ഭാര്യ ഭർത്താവിന്റെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യണമെന്നുള്ള സാമൂഹിക വ്യവസ്ഥിതി നിലനിൽക്കുമ്പോഴാണ് സ്ത്രീ പുരുഷൻമാർ തുല്യരാണെന്നു സഭ പഠിപ്പിച്ചത്. ക്രൈസ്തവസമൂഹം സ്ത്രീകൾ പുരുഷൻമാരെപ്പോലെ തുല്യ അവകാശികളും സമൻമാരു

മാണെന്നും പിതൃസ്വത്തിൽ പെൺമക്കൾക്ക് തുല്യാവകാശവും വിവാഹിതരാകുന്ന പെൺമക്കൾക്ക് അവരുടെ ജീവിതചെലവിനായി കുടുംബസ്വത്തിൽ നിന്നും വിഹിതം നല്കണമെന്നും വിവാഹകാര്യത്തിൽ വധൂവരമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വില കൊടുക്കണമെന്നും നിയമമാക്കി.

സൂനഹദോസും പിന്നീടു ക്രൈസ്തവധാർമിക പ്രസ്ഥാനങ്ങളും കേരളത്തിലെ അയഞ്ഞ ലൈംഗികവ്യവസ്ഥിതിക്കെതിരായി നിലകൊണ്ടു. ഏകഭാര്യാത്വം, ദാമ്പത്യവിശ്വസ്തത എന്നീ മൂല്യങ്ങളെ ആധാരമാക്കിക്കൊണ്ട് ഒരു പുരുഷന് ഒരു സ്ത്രീയും, ഒരു സ്ത്രീക്ക് ഒരു പുരുഷനും എന്ന കുടുംബവ്യവസ്ഥ നിലവിൽ കൊണ്ടുവന്നു. മാതൃത്വത്തിന്റെ സാംസ്കാരികമൂല്യങ്ങളെ സഭ പ്രത്യേകം കരുതലോടെ നടപ്പിലാക്കി. നോമ്പുവ്യവസ്ഥകളിൽ നിന്നു ഗർഭിണികളേയും മുലയൂട്ടുന്നവരെയും ഒഴിവാക്കി, പ്രസവശേഷം 'വരത്ത ഇരിക്കണം' എന്ന കർശനമായ സാമൂഹ്യ കീഴ്വഴക്കത്തിനു സമൂലമാറ്റം വരുത്താൻ സൂനഹദോസിനു സാധിച്ചു. പ്രസവിക്കുന്നത് ആൺകുട്ടിയാണെങ്കിൽ നാല്പതു ദിവസവും പെൺകുട്ടിയാണെങ്കിൽ എൺപതു ദിവസവും കഴിഞ്ഞേ പള്ളിയിൽ പ്രവേശിക്കാവൂ എന്ന കീഴ്വഴക്കവും ആൺ പെൺ തരംതിരിവും ഒഴിവാക്കിക്കൊണ്ട് 30 ദിവസത്തിനുള്ളിൽ അമ്മയെയും കുഞ്ഞിനെയും പള്ളിയിൽ കൊണ്ടുവരണമെന്നുള്ളതിനും സൂനഹദോസ് നടപടിയെടുത്തു.

### ശൈശവ വിവാഹങ്ങളും അനാഥബാല്യങ്ങളും സത്യപരീക്ഷകളും

കേരളത്തിൽ നിലനിന്നിരുന്ന മറ്റൊരു സാമൂഹ്യ തിന്മയാണ് ശൈശവ വിവാഹങ്ങൾ. എല്ലാ സമുദായങ്ങളുടെയിടയിലും സർവസാധാരണമായിരുന്ന ഈ ദുരാചാരം ക്രൈസ്തവരെപ്പോലും സ്വാധീനിച്ചിരുന്നുവെന്നു വേണം അനുമാനിക്കാൻ. ഉദയംപേരൂർ സൂനഹദോസ് കർശനമായ നിയമംമൂലം ശൈശവ വിവാഹ ങ്ങളെ നിരോധിച്ചു. 14 വയസു തികയാത്ത പുരുഷനും 12 വയസ് തികയാത്ത സ്ത്രീയും തമ്മിലുള്ള വിവാഹം വിലക്കി. നിജപ്പെടുത്തിയ പ്രായത്തിൽ കുറഞ്ഞവരായ സ്ത്രീ പുരുഷൻമാർ വിവാഹബന്ധത്തി ലേർപ്പെട്ടാൽ അവരെയും അതു നടത്തിക്കൊടു

ക്കുന്ന വൈദികരെയും സഭയിൽ നിന്നുപോലും പുറത്താക്കുന്ന മഹറോൻ ശിക്ഷയ്ക്ക് വിധേയമാക്കി.

സമൂഹത്തിൽ നിലനിന്നിരുന്ന മഹാപാതകമാണ് അനാഥബാല്യങ്ങളെ കുരുതികൊടുക്കുന്ന പതിവ്. അനാഥശിശുക്കളുടെ സംരക്ഷണം ക്രൈസ്തവന്റെ ധാർമിക ഉത്തരവാദിത്വമാണെന്നും മനുഷ്യനന്മയുടെ പുതുപാഠമാണെന്നും സൂനഹദോസ് ക്രിസ്തീയ സമൂഹത്തെ ബോധ്യപ്പെടുത്തി.

കൂടാതെ സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിൽ നിന്നും ജീവനാശകരമായ സത്യപരീക്ഷകളിൽ നിന്നും പിന്മാറണമെന്നും ക്രൈസ്തവരെ പഠിപ്പിച്ചു. സത്യം തെളിയിക്കുന്നതിനുവേണ്ടി ചീങ്കണ്ണിയും പാമ്പുമുള്ള ആറ്റിൽ ചാടുക, ചുട്ടുപഴുത്ത ഇരുമ്പു കൈയ്യിൽ എടുക്കുക, തിളച്ച എണ്ണയിൽ കൈമുക്കുക എന്നീ പരീക്ഷകൾക്ക് ക്രൈസ്തവർ ഉൾപ്പെടുന്നത് വിലക്കിക്കൊണ്ട് മനുഷ്യമാഹാത്മ്യത്തെ ഉയർത്തിപ്പിടിക്കുന്നതിനുമാണ് സൂനഹദോസ് ശ്രമിച്ചത്.

**ആതുരശുശ്രൂഷയും മദ്യനിരോധനവും**

കാരുണ്യത്തിന്റെ ആർദ്രഭാവം രോഗീപരിചരണത്തിലും അത്യന്താപേക്ഷിതമാണെന്നാണ് സൂനഹദോസിന്റെ വാദം. ജീവകാരുണ്യപ്രവർത്തനങ്ങൾ ക്രിസ്തീയ ആത്മീയതയുടെ അടിത്തറയാണ്. വൈദികധർമം രോഗീലേപനത്തിനു മുൻകരുതൽ കൊടുക്കണം. വസൂരി രോഗബാധിതരെപോലും സ്വജീവൻ പണയപ്പെടുത്തിക്കൊണ്ടു പരിചരിക്കാൻ തയാറാകണം എന്ന സൂനഹദോസിന്റെ തീരുമാനം ഇന്നത്തെ ആധുനിക കാഴ്ച്ചപ്പാടുകളെപ്പോലും വിസ്മയിപ്പിക്കുന്നു. ആതുരശുശ്രൂഷയുടെ ഈ ചരിത്രപാതയിൽ ചരിച്ചുകൊണ്ടാണ് പാവപ്പെട്ടവർക്കുപോലും കയറിച്ചെല്ലാൻ പറ്റുന്ന നിരവധി ആതുരാലയങ്ങൾ ക്രൈസ്തവ സമൂഹം നടത്തുന്നത്. രോഗീപരിചരണത്തിന്റെ കെടാവിളക്കുകളായി അവ ഇന്നും പ്രശോഭിക്കുന്നു.

കേരളസമൂഹത്തിന്റെ നിരാശാജനകമായ അധോഗതിക്ക് കാരണം വ്യാപകമായി നടക്കുന്ന മദ്യവ്യാപാരവും മദ്യപാനവുമായിരുന്നു. ഇക്കാലത്തും എക്കാലത്തും. ക്രിസ്ത്യാനികൾ മദ്യം ഉണ്ടാക്കാനോ ഉപയോഗിക്കാനോ

പാടില്ലായെന്നും സൂനഹദോസ് നിയമംമൂലം വിലക്കി. ഇന്നു സഭ മദ്യനിരോധനത്തിനും വർജ്ജനത്തിനും സമൂഹത്തിന്റെ മുഖ്യധാരയുടെ മുൻപന്തിയിൽ വീറോടെ നിൽക്കുന്നതിന് കാരണം നൂറ്റാണ്ടുകൾക്ക് മുമ്പേ പൈതൃകമായി ലഭിച്ചിട്ടുള്ള ഈ പ്രബോധനത്തിന്റെ ഉൾക്കാഴ്ച്ചയിലാണ് എന്ന സത്യം വിസ്മരിക്കാൻ പാടില്ല.

**നിഷിദ്ധമായ കള്ളത്രാസ്സും കൊള്ളപ്പലിശയും**

കള്ളവുമില്ല, ചതിയുമില്ല, കള്ളത്തരങ്ങൾ തെല്ലുപോലുമില്ലാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയെ സ്വപ്നം കാണുന്നവരാണ് കേരളീയർ. 16 – ാം നൂറ്റാണ്ടിലും ക്രിസ്ത്യാനികളുടെ ഇടയിലും മറ്റു സമൂഹങ്ങളിലും സാമ്പത്തികമായ വെട്ടിപ്പും തട്ടിപ്പും കൊള്ളപ്പലിശയും സർവ്വവ്യാപകമായി നിലനിന്നിരുന്നു. ഉദയംപേരൂർ സൂനഹദോസ് ഇക്കാര്യത്തിൽ ശക്തമായ നിലപാടാണ് എടുത്തത്. പൊതുവേ അംഗീകൃതമായ പത്തുശതമാനം പലിശനിരക്കിനേക്കാൾ കൂടുതൽ വാങ്ങുന്നവർക്ക് മഹറോൻ ശിക്ഷയാണ് കല്പിച്ചിട്ടുള്ളത്. ഈടായിവെച്ചിട്ടുള്ള വസ്തുക്കളുടെയും സ്വത്തുക്കളുടെയുംമേൽ ചുമത്തിയിരുന്ന ഒരു ശതമാനം പലിശയും അതിന് വീഴ്ച വരുത്തിയാൽ രണ്ടു ശതമാനം എന്നതോതിലുള്ള അന്യായ പലിശയും നിയമംമൂലം നിരോധിച്ചു. ക്രൈസ്തവർ കള്ളത്രാസ്സും കള്ളത്തൂക്കവും പാടെ ഉപേക്ഷിക്കണമെന്നും സമൂഹത്തിന്റെ മുൻപിൽ സത്യസന്ധതയുടെ മൂല്യശോഭയുള്ള വർത്തകരായി മാറണം എന്നും ഉദയംപേരൂർ സൂനഹദോസ് നിഷ്കർഷിച്ചു. സാമ്പത്തിക ചൂഷണം കൊടും പാപവും തിന്മയുമാണെന്ന് സമൂഹത്തെ ബോധവത്കരിക്കുന്നതിൽ ക്രൈസ്തവസമൂഹം എക്കാലത്തും മുൻപന്തിയിൽ വരാനുള്ള കാരണം മറ്റൊന്നുമല്ല.

ഒരു സമൂഹത്തിന്റെ സർവതോന്മുഖമായ പരിവർത്തന ത്തിനും നവീകരണത്തിനും വിപ്ലവാത്കമായ നടപടികളും യുദ്ധങ്ങളും സമരപരിപാടികളും കോലാഹലങ്ങളുമല്ല കരണീയമായിട്ടുള്ളത്. സമചിത്തതയോടെയും കൂടിയാലോചനകളിലൂടെയും സംവാദത്തിലൂടെയും സമൂഹത്തിന്റെ ഉന്നതമായ നന്മയ്ക്ക് ഒരുമിച്ചുകൂടി തീരുമാനമെടുക്കാൻ പൊതുസമൂഹത്തിന് സാധിക്കുമെന്നുമുള്ള പാഠമാണ് ഉദയംപേരൂർ സൂനഹദോസ് നല്കുന്നത്. സാഹോദര്യത്തിന്റെ പാതയിലും

യുക്തിയിലും ആത്മീയതയിലും സഹവർത്തിത്വത്തിലും ഊന്നി നവോത്ഥാനത്തിന്റെ പുത്തൻപാത കൾ തുറക്കാൻ കഴിയും എന്നും സൂനഹദോസ് കാണിച്ചു തരുന്നു.

ക്രൈസ്തവർ ഒരുമിച്ചുകൂടി എടുത്ത തീരുമാനങ്ങൾ അതിവേഗ ത്തിൽ പ്രാബല്യത്തിൽ എത്തിയില്ലാ യെങ്കിലും അതു അവരിലും പൊതുസമൂഹത്തിലും വ്യക്തമായ സ്വാധീനം ചെലുത്തുവാൻ ഇടയായി ട്ടുണ്ട്.

ദൈവത്തോടുള്ള ഏറ്റവും മഹത്തായ ആരാധന അപരനെ സഹായിക്കുക, ശുശ്രൂഷിക്കുക, സഹജീവിയോടു സഹിഷ്ണുത കാണിക്കുക, അവഗണിക്കപ്പെട്ടവ രോടും പാർശ്വവത്കരിക്കപ്പെട്ട വരോടും ദയാപൂർവം പെരുമാറി നീതി നടപ്പിലാക്കുക, സത്യസന്ധത യോടെ ജീവിക്കുക എന്നിവയെല്ലാം ക്രൈസ്തവ സംസ്കാരത്തിന്റെ ആധാരശിലകളാണ്. ക്രൈസ്ത വർക്ക് തങ്ങളുടെ ജീവിതത്തിൽ നിന്നും പ്രൗഢമായ ഈ സുവിശേ ഷമൂല്യങ്ങളെ മാറ്റിനിറുത്താനാവില്ല. ക്രൈസ്തവരുടെ അടിസ്ഥാന പരമായ ഈ ധാർമിക കാഴ്ച്ചപ്പാടിന് ആഴവും മിഴിവും, ചിട്ടയും ക്രമവും നല്കിയത് ഉദയംപേരൂർ സൂനഹ ദോസാണ്. ഈ സൂനഹദോസിലൂടെ വെളിച്ചമേകപ്പെട്ട മാനവികതയുടെ പുത്തൻപാഠങ്ങളാണ് കാലക്രമ ത്തിൽ ക്രൈസ്തവസമൂഹത്തിൽ പ്രതിഫലിച്ചതും കേരള നവോത്ഥാ നത്തിന് ഈടുറ്റ സംഭാവനകൾ നല്കിയതും. ആധുനിക കേരള സമൂഹത്തിന്റെ നവനിർമിതിക്ക് ഉദാത്തമായ സംഭാവനകൾ നല്കിയ ക്രൈസ്തവ സമൂഹം ഇന്നും ഇനിയും കരുത്തുറ്റ സുവിശേഷ മൂല്യങ്ങളാൽ പ്രോജ്ജ്വലിച്ചുകൊ ണ്ടേയിരിക്കും.

*